നം: DGE/11626/2024-T2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 10-10-2024
ഇ-മെയിൽ : supdtsp.dge@kerala.gov.in

NO TO DRUGS

**ലേല പരസ്യം**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് തെക്ക് വശത്തായി അപകടാവസ്ഥയിൽ നിൽക്കുന്ന തേക്ക് മരം (BH-125 cm) മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മരം 23/10/2024 ന് രാവിലെ 11.00 മണിക്ക് ഈ കാര്യാലയത്തിലെ പി എ (ജനറൽ) ന്റെ സാന്നിധ്യത്തിൽ പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നിശ്ചിത സമയത്ത് (23/10/2024 ന് രാവിലെ 11.00) നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 1000/- (ആയിരം) രൂപ ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുൻപായി കെട്ടിവക്കേണ്ടതുമാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരതദ്രവ്യം തിരിച്ച് നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴികെയുള്ള ലേലത്തുക മുഴുവനായും, മുഴുവൻ തുകയുടെ 5% ഫോറസ്റ്റ് ഡെവലപ്പ്മെൻറ് ടാക്സും രണ്ടും കൂടിയുള്ള ആകെ തുകയുടെ 18% സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയും അടുത്ത ദിവസം ഉച്ചക്ക് 2 മണിക്ക് മുൻപായി ഈ ഓഫീസിൽ ബന്ധപ്പെട്ട അധികാരികൾ വശം അടച്ച് രസീത് വങ്ങേണ്ടതാണ്.

പിന്നീട് ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ട ആൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിലെടുത്ത മരം നീക്കം ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം പിന്മാറിയാൽ ആ വിധത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ലേലം കൊണ്ട ആളിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതാണ്. മേൽ പറഞ്ഞ മരം ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മുൻകൂർ അനുവാദത്തോടു കൂടി പരിശോധിക്കാവുന്നതാണ് .

**Signed by Ranjan Raj. R.**
**P**
**Date: 10-10-2024 18:00:28**

രഞ്ജൻ രാജ് ആർ പി
പെൻ : 101148
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി എ മുഖാന്തിരം)
2. സീനിയർ ഫിനാൻസ് & അക്കൌണ്ട്സ് ഓഫീസർ , പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
3. കൈറ്റ് , തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)